# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **1046**

10.08.2017-ൽ മറുപടിക്ക്

## കല്ലടിമുഖം പാലം , സത്യൻ നഗർ പാലം എന്നിവയുടെ നിർമ്മാണ പ്രവർത്തനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ഒ.രാജഗോപാൽ | | ശ്രീ. ജി.സുധാകരൻ<br>(ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) നേമം നിയോജക മണ്ഡലത്തിലെ കല്ലടി മുഖം പാലം, സത്യൻ നഗർ പാലം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി എന്താണ്; വ്യക്തമാക്കുമോ:<br><br>(ബി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ? | (എ) യും<br><br>(ബി) യും | നേമം നിയോജക മണ്ഡലത്തിലെ കല്ലടി മുഖം പാലത്തിന്റെ പ്രവൃത്തിക്ക് 2009-ൽ നൽകിയ 5 കോടി രൂപയുടെ ഭരണാനുമതി പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഈ പാലത്തിന്റെ ഡിസൈൻ റിവിഷൻ, പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽ തയ്യാറാക്കി വരുന്നു. സത്യൻ നഗർ മുടവൻ മുഗൾ പാലം നിർമ്മാണത്തിന്റെ ഭരണാനുമതിക്കായുള്ള 1040 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള പരിശോധന നടന്നുവരികയാണ്. കൂടാതെ പാലം നിർമ്മാണത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനു വേണ്ടി 350 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സർക്കാരിൽ അംഗീകാരത്തിനായി ലഭിച്ചിരുന്നെങ്കിലും പരിശോധനക്കു ശേഷം സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ട വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറക്ക് മാത്രമേ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളു. |

S. Bindu

സെക്ഷൻ ഓഫീസർ